Malayala Manorama 26-1-19, p-03

# കൃത്യത കൃഷി ഹൈ ടെക്

തൃശൂർ● കാർഷിക സർവക ലാശാലയുടെ വെള്ളാനിക്കരയിലുള്ള ഹൈ ടെക് കൃത്യത കൃഷി കേന്ദ്രത്തിൽ വിളയിച്ച പച്ചക്കറികളുടെ വിളവെടുപ്പ് മന്ത്രി വി.എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്തു.

5 ഏക്കറിലുള്ള തോട്ടത്തിൽ കൃത്യത കൃഷി രീതിയിൽ ഗവേഷണം നടക്കുന്നുണ്ട്. തക്കാളി ,മുളക് , വഴുതന എന്നിവയിൽ കണ്ടുവരുന്ന വാട്ട രോഗത്തെ പ്രതിരോധിക്കാൻ രോഗം വരാത്ത വഴുതന ഇനങ്ങളിലാണ് തക്കാളിച്ചെടികൾ സർവകലാശാല സാങ്കേതിക വിദ്യ ഉപയോഗിച്ച് ഗ്രാഫ്റ്റ് ചെയ്ത് പിടിപ്പിച്ചിട്ടുള്ളത് .

കൂടാതെ കേരളത്തിലെ ഉഷ്ണ മേഖലാ കാലാവസ്ഥയ്ക്ക് അനുയോജ്യമായ കാബേജ് ,കോളിഫ്ലവർ,ഇനങ്ങളുടെ കൃത്യത കൃഷി രീതികളും വികസിപ്പിച്ചിട്ടുണ്ട്.ഡ്രിപ് സാങ്കേതിക വിദ്യയിലൂടെ പരമാവധി ജലത്തിന്റെ ഉപയോഗം കുറയ്ക്കുന്നു.

കേന്ദ്രത്തിലെ വിവിധ ഗവേഷണ പരിപാടികൾ സർവകലാശാല അസോഷ്യേറ്റ് ഡയറക്ടർ ഡോ. സി. നാരായണൻകുട്ടി വിശദീകരിച്ചു. കെ. രാജൻ എംഎൽഎ പങ്കെടുത്തു



കാർഷിക സർവകലാശാല വെള്ളാനിക്കരയിലെ ഹൈ ടെക് കൃത്യത കൃഷി കേന്ദ്രത്തിൽ പച്ചക്കറികളുടെ വിളവെടുപ്പ് മന്ത്രി വി.എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു.